# പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.29 — 28/06/2016-ൽ മറുപടി നല്കേണ്ടിയിരുന്നത്

### ഐ.ടി.മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ. പി. അനിൽ കുമാർ<br>,, എൽദോസ് കുന്നപ്പിള്ളി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഐ.ടി.മേഖല എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കാമോ; | (എ) | 1998 മുതൽ നിലവിലുണ്ടായിരുന്ന ഐടി നയത്തിന്റെ വെളിച്ചത്തിൽ മികച്ച നിലവാരമുള്ള മാനവ വിഭവ ശേഷി, ഐ.ടി വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ ലക്ഷ്യമിട്ട് ഐ.ടി. മേഖലയുടെ വികസനത്തിനായി ഒരു പുതിയ ഐ.ടി. നയത്തിന് രൂപം നല്കി. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കൂടി ഐടി പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിൽ തിരുവനന്തപുരം ടെക്നോപാർക്ക് Hub ആക്കിക്കൊണ്ട് കുണ്ടറ ടെക്നോപാർക്കും, കൊച്ചി ഇൻഫോപാർക്ക് Hub ആക്കിക്കൊണ്ട് ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും, തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും, ഓരോ Spoke പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോലോഡ്ജ്, റൂറൽ, ഐടി & ഇലക്ട്രോണിക്സ് പാർക്കുകൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. അതോടൊപ്പം Private IT Park-കൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>സ്മാർട്ട് സിറ്റി പദ്ധതിയ്ക്കാവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. സ്മാർട്ട്സിറ്റിയുടെ ആദ്യഘട്ടം പ്രവർത്തനം ആരംഭിച്ചു. 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 45 |

| | | | |
|---|---|---|---|
| | | | ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാം ഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം കൂടി നടത്തിയിട്ടുണ്ട്.<br>തിരുവനന്തപുരം ടെക്നോപാർക്കിൽ 282 കമ്പനികൾ പ്രവർത്തിക്കുന്ന Phase – I Campus-നു പുറമേ ടെക്നോപാർക്കിന്റെ Phase – II Campus-ന് പൂർണ്ണ SEZ പദവി ലഭിക്കുകയും ഐ.ടി./ഐ.ടി. അനുബന്ധ കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടമായ Phase – III- യ്ക്കായി ഏകദേശം 92 ഏക്കർ ഭൂമി ഏറ്റെടുക്കുകയും, 10 ലക്ഷം ച.അടി. വിസ്തീർണ്ണത്തിൽ കെട്ടിട സമുച്ചയം പൂർത്തിയാക്കി. ഏകദേശം 423 ഏക്കറിലുള്ള ടെക്നോസിറ്റിയിൽ 5 കമ്പനി കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഈ കാലയളവിൽ 98 പുതിയ കമ്പനികൾ, ഏകദേശം 23500 പേർക്ക് പ്രത്യക്ഷമായി തൊഴിൽലഭ്യത ഉറപ്പ വരുത്തുവാനും സാധിച്ചിട്ടുണ്ട്.<br>പുതിയ സ്വകാര്യ സംരംഭകർക്ക് ഭൂമി പാട്ടത്തിന് നൽകാനായി കൊരട്ടി ഇൻഫോപാർക്കിൽ പുതിയ ഐ.ടി. സമുച്ചയത്തിന് അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>സൈബർപാർക്കിൽ ആദ്യ കെട്ടിടമായ 11700 ച.അടിയുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിച്ചു.<br>കേരളാ സ്റ്റാർട്ട്-അപ് മിഷൻ രൂപീകരിച്ചു കൊണ്ട് സ്റ്റാർട്ട്-അപ് ഇനീഷ്യേറ്റീവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | ഈ മേഖലയിൽ എത്ര പേർക്ക് തൊഴി-ലവസരങ്ങൾ നൽകാനായി എന്ന് വിശദമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് വിവിധ ഐ.ടി പാർക്കുകൾ KSITIL, KSITM എന്നീ സ്ഥാപനങ്ങൾ മുഖേന ഐ.ടി മേഖലയിൽ 40446 പേർക്ക് തൊഴിലവസരങ്ങൾ നല്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ മേഖലയിൽ ഏതെല്ലാം മാർഗ്ഗങ്ങളിൽകൂടി എത്രകോടി രൂപ വരുമാനമുണ്ടായിട്ടുണ്ട്: വിശദമാക്കുമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി മേഖലയിൽ സോഫ്റ്റ് വെയർ കയറ്റുമതി കമ്പനികളിൽ നിന്നും വാടക, അനുബന്ധ വരുമാനം തുടങ്ങിയ ഇനങ്ങളിൽ നിന്നും 12850.86 കോടി രൂപ വരുമാനമുണ്ടായിട്ടുണ്ട്. |

സെക് ഷൻ ഓഫീസർ